**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ഗവണ്മെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവീസ് (അമെൻമെന്റ്) സ്പെഷ്യൽ റൂൾ 2021**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എസ്.ആർ.ഒ. നം. 177/2021 ആയി 16.02.2021 ൽ വിജ്ഞാപനം ചെയ്ത കേരള ഗവണ്മെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവീസ് (അമെൻമെന്റ്) സ്പെഷ്യൽ റൂൾ 2021 പ്രാബല്യത്തിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭേദഗതിയിൽ, അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ) തസ്തികയുടെ ഫീഡർ കാറ്റഗറി ആയ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I ൽ നിന്നും ബൈ ട്രാൻസ്ഫർ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശരിയാണോ; തെറ്റ് കടന്നു കൂടിയതാണെങ്കിൽ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | ഈ സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം 08/09/2023 ന് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ നിരവധി ജീവനക്കാർക്ക് ഇത് കാരണം സീനിയോറിറ്റി നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെയും, ബഹു. ഹൈക്കോടതി മുമ്പാകെയും കേസുകൾ നിലനിൽക്കുന്നുണ്ട്. ടി കേസുകളിന്മേലുള്ള അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | അച്ചടി വകുപ്പിലെ പ്രൊമോഷൻ നടപടികൾ തടഞ്ഞുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് മറികടന്ന് വകുപ്പിൽ പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പരിശോധിക്കുമോ; | (ഡി) | അസിസ്റ്റന്റ് ഫോർമാൻ മുതലുള്ള തസ്തികകളിൽ നിന്നുമുള്ള സ്ഥാനക്കയറ്റങ്ങൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. വകുപ്പിലെ അടിയന്തിര സാഹചര്യം പരിഗണിച്ച് ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് തസ്തികയിലേക്കും, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേക്കും സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ട്. 03.11.2022 ലെ OA 365/2022ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ബഹു. കേരള ഹൈക്കോടതിയിലും |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമാണ്. |
| (ഇ) | അച്ചടി വകുപ്പിൽ മെഷീൻ സെക്ഷനിലെ പ്രിന്റർമാരും, ഓഫ് സെറ്റ് ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | സീനിയോറിറ്റി തർക്കം നിലവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. കേരള ഹൈക്കോടതിയുടെയും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ